# കാൽവരിയിലെ അത്ഭുതങ്ങൾ

## മത്താ. 27:45, 46, 50-54; മർക്കൊ. 15:33, 37-39; ലൂക്കൊ. 23:44-48; യോഹ. 19:28, 30, ഒരടുത്ത നോട്ടം

മനോഹരമായ ഒരു കൊടുമുടിയാണ് യെവറസ്റ്റിൽ നാം കാണുന്നത് - എന്നാൽ യെവറസ്റ്റിന്റെ ഉയരം കാരണം,[2] മറ്റു പർവ്വതങ്ങളെ കുറിച്ച് നമ്മളധികം പേരും കേട്ടിരിക്കുവാനിടയില്ല. യെവറസ്റ്റിന്റെ മഹത്വം മറ്റുള്ളവയെ മങ്ങലേല്പിക്കുന്നു. അതേരീതിയിൽ, ക്രൂശിനു ചുറ്റും നിരവധി അത്ഭുതങ്ങൾ നടക്കുകയുണ്ടായി: സൂര്യൻ ഇരുണ്ടുപോയതും, വലിയ ഭൂമികുലുക്കം ഉണ്ടായതും, ദൈവാലയത്തിലെ തിരശീല കീറിയതും, കല്ലറകൾ തുറന്നതും, വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റതും. എങ്ങനെയായാലും, യേശുവിന്റെ മരണത്തിന്റെ ശ്രേഷ്ഠത നിമിത്തം, നമ്മിൽ മിക്കപേർക്കും ഈ അത്ഭുതങ്ങളെ അത്ര പരിചയമില്ല.

ആ അസാധാരണ പ്രതിഭാസങ്ങളെ "കാൽവരിയിലെ കുന്നുകൾ" എന്നാണ് അറിയപ്പെടുന്നത്. ശരിയായി മനസിലാക്കിയാൽ, യേശുവിന്റെ ത്യാഗത്തിന്റെ അത്ഭുതം വർദ്ധിക്കും. വില്യം നിക്കോൾസൺ അവയെ കുറിച്ച് പറഞ്ഞത്, "യേശുക്രിസിതുവിന്റെ മരണത്തിനു ചുറ്റും നടന്ന നിരവധി അടയാളങ്ങൾ, നിത്യമായ വീണ്ടെടുപ്പിലേക്ക് അതിവേഗം നയിക്കുന്നവയാണ്."[3] "കാൽവരിയിലെ അത്ഭുതങ്ങൾ" നാം നോക്കുമ്പോൾ, യേശു നമുക്ക് വേണ്ടി ചെയ്തതു കൂടുതലായി മനസിലാക്കി നമ്മൾ അനുമോദിക്കുമെന്നാണ് എന്റെ പ്രാർത്ഥന.

### ഇരുട്ട്:
### ഒരു ദൈവിക അത്ഭുതം[4]
### (മത്താ. 27:45, 46; മർക്കൊ. 15:33; ലൂക്കൊ. 23:44, 45)

**എന്തു സംഭവിച്ചു**

ഗൊൽഗോഥയിലെ രംഗം നിങ്ങളുടെ മനസിൽ കൊണ്ടുവരിക. രാവിലെ 9.00 മണി മുതൽ ഉച്ചവരെ പ്രവൃത്തിയായിരുന്നു. യേശു തിരക്കിട്ട് തന്റെ ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു, തന്റെ അമ്മയെ കുറിച്ച് കരുതി, കള്ളനെ രക്ഷിച്ചു, ശ്വസിക്കുവാൻ പ്രയാസപ്പെട്ടു. അവന്റെ ശത്രുക്കൾ അവൻ അങ്കിക്കായി ചീട്ടിട്ടു, അവന്റെ മുഖത്ത് നോക്കി പരിഹസിച്ചു. മറ്റുള്ള സ്ത്രീകൾ കരയുകയും, അപ്പൊസ്തലൻ ക്രിസ്തുവിന്റെ അമ്മയെ ദൂരെ കൊണ്ടുപോയി. പിന്നെ - പെട്ടെന്ന് - പ്രവൃത്തി നിന്നു, ഇരുട്ട് രംഗത്തെ മൂടി: "ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി" (ലൂക്കൊസ് 23:44, 45; മത്തായി 27:45; മർക്കൊസ് 15:33 നോക്കുക).

ആ ഇരുട്ടിനെകുറിച്ച് അധികമൊന്നും നമുക്ക് അറിയില്ല. അത് എത്ര

ത്തോളം പൂർണ്ണമായിരുന്നു എന്ന് നമുക്ക് അറിയില്ല - ഒരാൾക്ക് തന്റെ മുഖത്തിന് നേരെയുള്ള കൈപോലും കാണുവാൻ പറ്റാത്ത കൂരാകൂരിരുട്ടായിട്ടാണ് എന്റെ മനസിൽ തോന്നുന്നത്. അതു എത്ര ദൂരം ഉണ്ടായിക്കാണുമെന്നും നമുക്ക് തീർച്ചയില്ല; അതു പ്രാദേശികമായിരിക്കാം, അല്ലെങ്കിൽ യെഹൂദ്യക്കപ്പുറമുണ്ടായി കാണും. ദൈവശ്വാസീയരല്ലാത്ത ക്രൈസ്തവരും അ - ക്രൈസ്തവരും ആയ എഴുത്തുകാർ സുചിപ്പിച്ചത് ആ പ്രവണത അവിശ്വാസികളിലേക്കും റോമൻ ചരിത്രങ്ങളിലേക്കും കടന്നു എന്നാണ്.[5]

ചുരുങ്ങിയത്, നമുക്ക് ഇത്രയും അറിയാൻ കഴിയും: സംശയാലുക്കൾ അതിനെ സൂര്യഗ്രഹണമായി വിശദീകരിക്കുവാൻ ശ്രമിച്ചു, എന്നാൽ പെസഹാ പെരുന്നാളിനിടയിൽ യെഹൂദ്യയിൽ സൂര്യഗ്രഹണം അസംഭവ്യമാണ്.[6] മറ്റുള്ളവർ അതിനെ കാർമേഘമായും, ചരൽക്കാറ്റായും പറയുകയുണ്ടായി, എന്നാൽ സുവിശേഷവിവരണ എഴുത്തുകാർ അത് സാധാരണ സംഭവമല്ല എന്നാണ് ഊന്നിപറഞ്ഞിരിക്കുന്നത്. ഇരുട്ട് അസാധാരണമായിരുന്നു എന്നു വിശ്വസിക്കുവാൻ - അതിന്റെ സമയവും[7] ക്രൂശിനു ചുറ്റും നിന്നവരിൽ ചെലുത്തിയ സ്വാധീനവുമടക്കം മതിയായ കാരണങ്ങളുണ്ട്.[8]

**അതെന്താണ് അർത്ഥമാക്കിയത്**

ഇരുട്ട് ഒരു ദൈവിക അത്ഭുതമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു: മനുഷ്യരുടെ പദ്ധതികൾക്കൊന്നും ദൈവപദ്ധതിയെ തടസപ്പെടുത്തുവാൻ സാധ്യമല്ല എന്ന അടയാളം, പക്ഷെ അതു ദൈവത്തിന്റെ നിത്യമായ ഉദ്ദേശം നടപ്പാക്കി. ആളുകൾ സ്വർഗത്തിൽനിന്ന് ഒരു അടയാളം ആവശ്യപ്പെട്ടു (മത്തായി 16:1; മർക്കൊസ് 8:11; ലൂക്കൊസ് 11:16); അവർ പ്രതീക്ഷിക്കാത്ത ഒന്ന് അവർക്ക് ലഭിച്ചു. *കഷ്ടതയുടെ* അടയാളമായിരുന്നു ഇരുട്ട്: നമുക്ക് വേണ്ടി യേശു മരിച്ചപ്പോൾ അനുഭവപ്പെട്ട വേദന (1 കൊരിന്ത്യർ 15:3)[9] അത് ഒരു *പോരാട്ടത്തിന്റെ* അടയാളമായിരുന്നു: ക്രിസ്തുവും ദുഷ്ടശക്തികളും തമ്മിലുള്ള പോരാട്ടത്തിന്റെ മൂർദ്ധന്യാവസ്ഥ (ഉല്പത്തി 3:15; ലൂക്കൊസ് 22:53; എബ്രായർ 2:14). അത് ഒരു *വേർപാടിന്റെ* അടയാളമായിരുന്നു: യേശു നമ്മുടെ പാപങ്ങൾക്കായി അവസാന പിഴ കൊടുത്തപ്പോൾ, തന്റെ പിതാവ് അവനെ കൈവിട്ടു (ത്തായി 27:46 നോക്കുക).

യുഗങ്ങളായി മർമ്മമായി വെച്ചിരുന്നതിന്മേൽ ദൈവം ഇരുട്ട് കൊണ്ട് ഒരാവരണം ഇട്ടു: കോടിക്കണക്കിന് ആളുകളുടെ പാപങ്ങൾക്കായി ഒരാൾക്ക് എങ്ങനെ മരിക്കുവാൻ കഴിയും.യേശുവിന് അനുഭവപ്പെട്ട ഏറ്റവും വലിയ കഷ്ടതയുടെ സമയം, നിശബ്ദതയുടെ സമയമായിരുന്നു - അവൻ നമുക്ക് വേണ്ടി ചെയ്തതു പൂർണ്ണമായി മനസിലാക്കുവാനുള്ള കഴിവുകേടിൽ നാം അവസാനം നിശബ്ദരായി തീരുന്നു.

### ഭൂമികുലുക്കം: ദൈവിക ശക്തി

**(മത്താ. 27:46, 50, 51, 54; ലൂക്കൊ. 23:46; യോഹ. 19:28, 30)**

മൂന്നു മണിക്കൂർ നേരത്തെ ഇരുട്ട് അവസാനിക്കാറായപ്പോൾ, യേശു പറഞ്ഞു, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" (മത്തായി 27:46). അതേത്തുടർന്ന്, പെട്ടെന്ന് മൂന്നു വാചകങ്ങൾ അവനിൽനിന്നു വന്നു "എനിക്ക് ദാഹിക്കുന്നു" (യോഹന്നാൻ 19:28); "നിവൃത്തിയായി!" (യോഹന്നാൻ 19:30); "പിതാവേ, എന്റെ ആത്മാവിനെ തൃക്ക

യ്യിൽ ഏല്പിക്കുന്നു" (ലൂക്കൊസ് 23:46). പിന്നെ അവൻ "ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു" (മത്തായി 27:50). അവൻ അങ്ങനെ ചെയ്തപ്പോൾ അമ്പരപ്പിക്കുന്ന പലതും സംഭവിച്ചു.

### എന്തു സംഭവിച്ചു

ആദ്യത്തേത് ഒരു ഭൂമികുലുക്കം ആയിരുന്നു (മത്തായി 27:54 നോക്കുക): ഭൂമി കുലുങ്ങാൻ തുടങ്ങി (മത്തായി 27:51). ഭൂമികുലുക്കം പോലെ ഭയപ്പെടുത്തുന്നതാണ് ചില സംഭവങ്ങൾ ഭൂമികുലുക്കം പോലെ ഭയാനകമാണ്. "സ്ഥിരമായ ഭൂമി"[10] സ്ഥിരമല്ലാതായാൽ, "കട്ടിയായ മണ്ണ്" കട്ടിയില്ലാതാകും. ഭൂമികുലുക്കം എങ്ങനെയാണ് റിച്ചർ സ്കെയിലിൽ അതിന്റെ തീവ്രത അളക്കുന്നത് എന്ന് എനിക്ക് അറിയില്ല,[11] എന്നാൽ അതു പാറ പിളർക്കുന്നതും (മത്തായി 27:51) പാറ - അറുത്ത് ശവക്കുഴികളെ തുറക്കുന്നതും ആകുന്നു (മത്തായി 27:52).

ഭൂമിക്കടിയിലെ സമ്മർദ്ദം കൂടി ഒരു കൂട്ടം പാറകൾ മറിഞ്ഞ് വീഴുന്ന ഒന്നായിരുന്നില്ല ഈ ഭൂകമ്പം.[12] ആ സംഭവത്തിന്റെ സമയത്തിലും ഫലങ്ങളിലും ദൈവകരങ്ങളെ നമുക്ക് കാണാം. യേശുവിന്റെ മരണത്തോടുകൂടെ യാദൃശ്ചികമായി സംഭവിച്ചതാണ് ഭൂമികുലുക്കം (മത്തായി 27:50, 51), അതോടൊപ്പം ദൈവാലയത്തിലെ തിരശീല കീറുകയും (മത്തായി 27:51), തിരഞ്ഞെടുക്കപ്പെട്ട ചില കല്ലറകൾ തുറക്കപ്പെടുകയും ചെയ്തു (മത്തായി 27:51, 52). അത് അനുഭവപ്പെട്ടവരിലുളവാക്കിയ ഫലങ്ങൾ ദൈവത്തിന്റെ ഉദ്ദേശത്തെ വ്യക്തമാക്കുന്നു (മത്തായി 27:54).

### അത് എന്താണ് അർത്ഥമാക്കിയത്

*ദൈവശക്തിയുടെ* പ്രദർശനമായിരുന്നു ഭൂമികുലുക്കം. സിനായ്പർവ്വതത്തിൽ വെച്ച് "ന്യായപ്രമാണം നല്കിയപ്പോൾ പർവ്വതം ശക്തമായി കുലുങ്ങി" (പുറപ്പാട് 19:18). ഇപ്പോൾ, യേശു ന്യായപ്രമാണം നിവർത്തിയാക്കിയപ്പോൾ വീണ്ടും ഭൂമി കുലുങ്ങി.[13] പ്രകൃതിയെ സ്വാധീനിക്കുന്ന ദൈവശക്തിയുടെ പ്രദർശനമായിരുന്നു ഭൂമികുലുക്കം, എന്നാൽ അതിലുപരിയായിരുന്നു. മനുഷ്യഹൃദയത്തെ സ്പർശിക്കുന്നതാണ് ദൈവശക്തി എന്ന് അത് ഉറപ്പിച്ചു: "ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തുനിന്നവരും ഭൂകമ്പം മുതലായി സംഭവിച്ചതു കണ്ടിട്ട് 'അവൻ ദൈവപുത്രനായിരുന്നു, സത്യം എന്നു പറഞ്ഞു!''' (മത്തായി 27:54), അതും യേശുവിന്റെ മരണത്തോടുകൂടെ നടന്ന യാദൃശ്ചികസംഭവമായിരുന്നതുകൊണ്ട് പാപത്തെ നശിപ്പിക്കുന്ന ദൈവശക്തിയുടെ ആലങ്കാരിക അടയാളമായിരുന്നു.

## തിരശീല കീറി:ദൈവികമായ ഒരു ഉദ്ദേശം
## (മത്താ. 27:50, 51; മർക്കൊ. 15:37, 38; ലൂക്കൊ. 23:45)

### എന്തു സംഭവിച്ചു

മൂന്നാമത്തെ അത്ഭുതം കാണുവാൻ നാം ഗൊൽഗോഥയിൽനിന്ന് പുറത്തു, നഗരവാതിലിൽകൂടെ തെക്കോട്ട് മാറി, ദൈവാലയപരിസരത്തേക്ക് കടക്കണം. യേശു അവസാനം അത്യുച്ചത്തിൽ നിലവിളിക്കയും ഭൂമിയെ കുലുക്കുകയും ചെയ്ത സമയത്ത്, ദൈവാലയത്തിനുള്ളിൽ ചിലത് സംഭ

വിച്ചു: "... അപ്പോൾ മന്ദിരത്തിലെ തിരശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി" (മത്തായി 27:51; മർക്കൊസ് 15:38; ലൂക്കൊസ്. 23:45[14]).

ഈ പ്രത്യേകസംഭവത്തിന്റെ പ്രാധാന്യം മനസിലാകുവാൻ, അതിന്റെ ഏർപ്പാടുകളും ആ സംഭവത്തെ തന്നെയും നാം മനസിൽ കൊണ്ടുവരണം. വൈകുന്നേരത്തെ പ്രാർത്ഥനാസമയത്താണ് യേശു മരിച്ചത്: ഒമ്പതാം മണി നേരം, അല്ലെങ്കിൽ ഉച്ചകഴിഞ്ഞ് 3.00 മണി (മത്തായി 27:46; പ്രവൃത്തികൾ 3:1 നോക്കുക). ആ സമയത്ത്, വിശ്വസ്തരായ യെഹൂദന്മാർ, സ്ത്രീകളും പുരുഷന്മാരും സ്ത്രീകളുടെ പ്രാകാരത്തിൽ പ്രാർത്ഥിക്കുവാൻ കൂടിയിരുന്നു. അവർ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ഒരു പുരോഹിതൻ ധൂപവർഗ്ഗം അർപ്പിക്കുവാൻ ദൈവാലയത്തിനകത്ത് പ്രവേശിച്ചു.

ആ ദിവസം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്ത് ചെന്ന് ധൂപവർഗം അർപ്പിക്കുന്ന പുരോഹിതനാണ് നിങ്ങളെന്ന് സങ്കല്പിക്കുക. ജീവിതത്തിൽ ഒരിക്കൽ മാത്രം കിട്ടുന്ന ഒരു ആദരവാണിത്. നിങ്ങൾ വിശുദ്ധസ്ഥലത്ത് പ്രവേശിക്കുമ്പോൾ നിങ്ങളുടെ നാഡി പെട്ടെന്ന് ഇടിക്കുന്നു. അതിവിശുദ്ധ സ്ഥലത്തെ മൂടുന്ന തിരശീലയുടെ മുൻപിലാണ് ധൂപമർപ്പിക്കുവാനുള്ള പീഠം.[15] പേർ പറയുന്നതുപോലെ അതിവിശുദ്ധസ്ഥലം ഭൂമിയിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ സ്ഥാനമാണ്. (ആ അതിവിശുദ്ധസ്ഥലത്ത് ആണ്ടിലൊരിക്കൽ പ്രതിഷ്ഠോൽസവത്തിനിടയിൽ മഹാപുരോഹിതനു മാത്രമെ അവിടെ പ്രവേശനം അനുവദിച്ചിരുന്നുള്ളു; എബ്രായർ 9:7; പുറപ്പാട് 30:10; ലേവ്യാപുസ്തകം 16:29–34.)

സ്വർണ്ണം കൊണ്ടുള്ള യാഗപീഠത്തിനടുത്തേക്ക് നിങ്ങൾ ചെല്ലുമ്പോൾ, പുറകിൽ കാണുന്ന വലിയ തിരശീല നിങ്ങൾക്ക് മതിപ്പുളവാക്കുന്നതാണ്,[16] അതിന് 30 അടി നീളവും 30 അടി വീതിയുമുണ്ട് (9 മീറ്റർ നീളവും 9 മീറ്റർ വീതിയും). സമാഗമനകൂടാരത്തിൽ അത്തരം ഒരു തിരശീല ഉണ്ടാക്കുവാൻ മോശെയോടും പറഞ്ഞിട്ടുണ്ടായിരുന്നു:

> "നീലനൂൽ, ധ്രൂമനൂൽ, ചുമപ്പുനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവ കൊണ്ട് ഒരു തിരശില ഉണ്ടാക്കേണം. നെയ്ത്തുകാരന്റെ ചിത്രപ്പണിയായ കെരൂബുകളുള്ളതായി അതിനെ ഉണ്ടാക്കേണം; പൊന്നു പൊതിഞ്ഞതും പൊൻകൊളുത്തുള്ളതും വെള്ളികൊണ്ടുള്ള നാല് ചുവടിന്മേൽ നില്ക്കുന്നതുമായ നാലു ഖദിരസ്തംഭങ്ങളിൽ അതു തൂക്കിയിടേണം. കൊളുത്തുകളിൽ തിരശീല തൂക്കി സാക്ഷ്യപെട്ടകം തിരശീലക്കകത്തേക്ക് കൊണ്ടുചെന്ന് വെക്കേണം. തിരശീല വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കുന്നതാകേണം" (പുറപ്പാട് 26:31–33).

ശലോമോൻ ദൈവാലയം ഉണ്ടാക്കിയപ്പോൾ അതേ രീതിയിലുള്ള നിർദ്ദേശങ്ങൾ ലഭിച്ചിരിക്കാം, അതുകൊണ്ടാണ് "അവൻ നീലനൂൽ, ധൂമ്രനൂൽ, ചുവന്നനൂൽ, ചണനൂൽ എന്നിവകൊണ്ടു തിരശീലയുണ്ടാക്കി അതിന്മേൽ കെരൂബുകളെയും നെയ്തുണ്ടാക്കി" (2 ദിനവൃത്താന്തം 3:14). ഹെരോദാവിന്റെ ആലയത്തിലും ഇതേ മാതൃക പിൻപറ്റിയിരുന്നേക്കാം.[17] ആ ബ്രഹത്തായ തിരശീല വിശുദ്ധസ്ഥലത്ത് പ്രവേശിക്കുന്ന ഒരു പുരോഹിതന് എങ്ങനെ കാണുമെന്ന് നിക്കോൾസൺ വിവരിക്കയുണ്ടായി:

അതു ആകാംഷയോടെ കൈകൊണ്ട് തുണിയിലുണ്ടാക്കിയതായിരുന്നു. "നല്ല-പിരിച്ച ലിനനിൽ" നീലയും കടുഞ്ചുവപ്പും രക്തമയവുമായ നിറങ്ങൾ എടുത്തു കാണിക്കുന്ന പശ്ചാത്തല-പണിചെയ്തതായിരുന്നു. ആ മൂന്ന് നിറങ്ങൾ ഒരു കൂട്ടം കെരൂബുകളിന്മേൽ ... ഇടകലർത്തി നെയ്തതായിരുന്നു. അത് ഒരു നിറം [പിടിപ്പിച്ച] സ്ക്രീൻ ആയിരുന്നു. അതിൽ ജീവന്റേയും ശക്തിയുടേയും ആശയങ്ങൾ ഉൾപ്പെട്ടിരുന്നു, അതേസമയം മനോഹാരിതയും മഹത്വവും അടങ്ങിയിരുന്നു. ...

അതെത്ര മതിപ്പുളവാക്കിയിരിക്കണം, സ്വർണ്ണം കൊണ്ടുള്ള മെഴുകുതിരികാലുക [-ളുടെ]![18] പ്രകാശത്തിൽ ... അകത്തെ അതി ശ്രേഷ്ഠ മഹത്വത്തെ മറക്കുന്ന ആ കാഴ്ച്ച എത്ര ഭയങ്കരമായിരിക്കും. ശക്തിയുള്ള കെരൂബിനെ നെയ്തുകൊണ്ട് കാവൽക്കാരാൽ കാത്തുകൊള്ളുന്ന പ്രതീതി ജനിപ്പിച്ചിരിക്കയാണ്, അതു ശാന്തമായും, ഭയഭക്തിയോടും കൂടെ എപ്പോഴും പറയുന്നു, "ഇതു വരെ, ഇതിനപ്പുറം പാടില്ല."[19]

നിങ്ങൾ നോട്ടം തിരശീലയിൽനിന്ന് മാറ്റി പതുക്കെ ജോലിയിലേക്ക് പ്രവേശിക്കുന്നു. യാഗപീഠത്തിലെ അഗ്നിയിൽ നിങ്ങൾ ധൂപവർഗം തൂളുന്നു, പെട്ടെന്ന് നിങ്ങൾ നില്ക്കുന്ന ദൈവാലയത്തിന്റെ തറ കുലുങ്ങുകയും നിങ്ങളുടെ കാൽമുട്ടുകൾ വിറക്കുകയും ചെയ്യുന്നു.[20] പിന്നെ പെട്ടെന്ന് സമാന്തരമല്ലാത്ത ചിലത് സംഭവിക്കുന്നു: കീറുന്ന ഒരു ശബ്ദം നിങ്ങൾ കേൾക്കുന്നു. മുകളിലേക്ക് നോക്കുമ്പോൾ, ഇരുപതി - ലധികം അടി ഉയരത്തിൽ ഉള്ള തിരശീലയുടെ മദ്ധ്യത്തിൽ മേൽ തൊട്ട് കീറൽ കാണുന്നു, അങ്ങനെ നോക്കിക്കൊണ്ടിരുന്നപ്പോൾ ആ കീറൽ നേരെ താഴോട്ട് വരുന്നു - വീണ്ടും അവസാനം രണ്ടായി വേർപിരിയുന്നതുവരെ - താഴോട്ട് കീറി വരുന്നു, അങ്ങനെ മർമ്മപ്രധാനമായ അതിവിശുദ്ധസ്ഥലം ഒരു നിഴൽ പോലെ നിങ്ങൾക്ക് കാണാം! അത് നിങ്ങൾക്ക് ഒരിക്കലും മറക്കുവാൻ കഴിയാത്ത ഒന്നാണ് - നിങ്ങളുടെ കൊച്ചുമക്കളോട് പറയുവാൻ ഇഷ്ടപ്പെടുന്നതുമായിരിക്കും!

ആ അത്ഭുതസംഭവത്തെ വിമർശകർ വിശദീകരിച്ച് തുച്ഛീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. "തിരശീല കീറിയത് ഭൂമികുലുക്കം നിമിത്തമാണ്," എന്ന് അവർ പറയും - എന്നാൽ അവരുടെ വിശദീകരണം ആരെയും ബോധ്യപ്പെടുത്താവുന്നതല്ല. ഒരു ഭൂകമ്പത്തിനു ഒരു ആലയത്തിനകത്തെ അയഞ്ഞ്, തൂങ്ങിക്കിടക്കുന്ന തുണി കീറുവാൻ ശക്തമായതായിരുന്നു എങ്കിൽ എന്തുകൊണ്ട് അതു മന്ദിരത്തെ നശിപ്പിച്ചില്ല? കട്ടിയുള്ള വസ്തുക്കളെ ചലിപ്പിക്കുവാൻ ഭൂമികുലുക്കത്തിന് കഴിയുമ്പോൾ തുണി പോലുള്ള ഘനം കുറഞ്ഞ ഒന്നിൽ അതിന് വലിയ നാശം വരുത്തുവാൻ കഴിയുകയില്ല. "ഓ" അവിശ്വാസികൾ പറയും, "തിരശീല ഒരുപക്ഷെ പഴക്കം ചെന്നതുകൊണ്ട് കീറിയതാകാം." അത് അങ്ങനെയായിരുന്നു എങ്കിൽ, തിരശീല ഛിന്നഭിന്നമായി കീറുമായിരുന്നു, എന്നാൽ അങ്ങനെയല്ല സംഭവിച്ചത്. പകരം, "അതു രണ്ടായിട്ടാണ് കീറിയത്" (ലൂക്കൊസ് 23:45). അല്ല, തിരശീല കീറിയത് പ്രകൃതിശക്തിയാലായിരുന്നില്ല.

കൂടാതെ തിരശീല കീറിയത് മനുഷ്യർ നശിപ്പിച്ചതിനാലുമല്ല. (ഊഹിക്കാൻ പറ്റാത്ത ചില കാരണങ്ങൾ) കൊണ്ടാണെങ്കിൽ, മനുഷ്യർ അതു കീറുവാൻ ശ്രമിച്ചു എന്നു വിചാരിക്കുക, ഒരാൾ തിരശീലയുടെ അടിയിൽ ഒരു

വശത്തും മറ്റൊരാൾ വേറൊരുവശത്തും നിന്ന് വലിച്ചാൽ *അടിതൊട്ട് മുകളിലേക്ക്* മാത്രമെ കീറുകയുള്ളു. എങ്ങനെയായാലും, വേദഭാഗം വളരെ വ്യക്തമായി പറയുന്നു, "ദൈവാലയത്തിലെ തിരശീല *മേൽതൊട്ട് അടിവരെ രണ്ടായി* കീറി" (മത്തായി 27:51; എംഫസിസ് മൈൻ). അത് അദൃശ്യശക്തിയാൽ സംഭവിച്ചു എന്നതു മാത്രമാണ് ഏക തീർപ്പ്, അതു ദൈവകരങ്ങളാൽ തന്നെ ആയിരുന്നു.[21]

## അത് എന്ത് അർത്ഥമാക്കി

ഈ ഒരൊറ്റ സംഭവത്തിൽനിന്ന് എന്ത് പാഠം അല്ലെങ്കിൽ പാഠങ്ങളാണ് പഠിക്കുന്നത്? ക്രൂശിന്റെ *ദൈവിക ഉദ്ദേശത്തെ* നേരിട്ട് വെളിപ്പെടുത്തുന്നതായിരുന്നു തിരശീല കീറൽ. നമുക്ക് മൂന്നു പാഠങ്ങൾ പരിഗണിക്കാം:

(1) പഴയനിയമം (ഉടമ്പടി) അവസാനിച്ചതിന്റെ സൂചനയായിരുന്നു തിരശീല കീറിയത്.[22] യേശുവിന്റെ മരണത്തോടുകൂടെ യാദൃച്ഛികമായി സംഭവിച്ചതായിരുന്നു തിരശീല കീറൽ, അതു പുതിയ ഉടമ്പടി (നിയമം) യുടെ ഉത്ഘാടനവുമായിരുന്നു. എബ്രായലേഖകൻ പറഞ്ഞു, "നിയമം ഉള്ളേടത്ത് നിയമകർത്താവിന്റെ മരണം തെളിവാൻ ആവശ്യം. മരിച്ചശേഷമല്ലൊ നിയമം സ്ഥിരമാകുന്നത്. നിയമകർത്താവിന്റെ ജീവകാലത്തോളം അതിന് ഉറപ്പില്ല" (എബ്രായർ 9:16, 17). പഴയനിയമം അവസാനിച്ചതിന്റെയും പുതിയനിയമം ആരംഭിച്ചതിന്റെയും സൂചനയായിരുന്നു യേശുവിന്റെ മരണം (കൊലൊസ്യർ 2:14).

(2) തിരശീല കീറിയതോടുകൂടി അതിവിശുദ്ധസ്ഥലത്തേക്കുള്ള വഴിയും തുറന്നു, അങ്ങനെ യേശുവിന്റെ ശരീരം കീറിയതുകൊണ്ട്, അതിവിശുദ്ധസ്ഥലമായ സ്വർഗത്തിലേക്ക് വീണ്ടും പ്രവേശിക്കുവാനും സാഹചര്യമൊരുങ്ങി. സ്വർഗവും അതിവിശുദ്ധസ്ഥലവും, തിരശീലയും യേശുവിന്റെ ഭൗതികശരീരവും തമ്മിൽ എബ്രായലേഖകൻ ഒരു സമാനത നടത്തുന്നുണ്ട്. അവൻ എഴുതി, "അതുകൊണ്ട് സഹോദരന്മാരേ, ... യേശു തന്റെ ദേഹം എന്ന തിരശീലയിൽകൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്ക് പ്രവേശനത്തിന് ധൈര്യവും പ്രാപിച്ചു" (എബ്രായർ 10:19, 20).

(3) തിരശീല കീറിയതിലുള്ള ഏറ്റവും അമ്പരപ്പിക്കുന്ന പാഠം, യേശുവിന്റെ മരണത്താൽ എല്ലാവർക്കും ദൈവത്തിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞു എന്നത് ഒരുപക്ഷെ ഏറ്റവും അത്ഭുതാവഹമായ കാര്യം ആയിരിക്കാം. മുൻപ് ശ്രദ്ധിച്ചതുപോലെ, ദൈവാലയത്തിലെ തിരശീല കടന്ന് അതിവിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ മഹാപുരോഹിതന് മാത്രമെ അനുവാദമുണ്ടായിരുന്നുള്ളു. തിരശീല നീങ്ങിയപ്പോൾ മറ്റുള്ളവർക്കും ആ മർമ്മസ്ഥലം കാണുവാനും അവിടെ പ്രവേശിക്കുവാനും അനുവദിക്കുമെന്നായി. ദൈവത്തിനും മനുഷ്യർക്കും തമ്മിലുള്ള വേർപാട് നീങ്ങിയതായി നാം മുൻപ് വായിച്ച വേദഭാഗത്തിൽ ലേഖകൻ പറയുന്നുണ്ട്. "അവൻ തന്റെ ദേഹം എന്ന തിരശീലയിൽകൂടെ തന്റെ രക്തത്താൽ അവൻ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചതുകൊണ്ട് നമുക്ക് [സ്വർഗത്തിൽ] പ്രവേശിക്കുവാൻ ധൈര്യവും പ്രാപിച്ചു" തുടർന്നുള്ള വാക്യങ്ങളിൽ ആ ചിന്ത തുടരുന്നു: "ഒരു മഹാപുരോഹിതനും നമുക്ക് ഉള്ളതുകൊണ്ട്, നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴു

കപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥഹൃദയത്തോടെ [ദൈവത്തിങ്കലേക്ക്] അടുത്തു ചെല്ലുക" (എബ്രായർ 10:21, 22).

തിരശീല കീറിയതിലൂടെ ദൈവവും മനുഷ്യരും തമ്മിലുള്ള വേർപാട് മാത്രമല്ല നീങ്ങിയത്, "പ്രത്യേക പുരോഹിതന്മാരും" "സാധാരണ ദൈവമക്കളും" എന്ന വേർതിരിവും നീങ്ങി (1 പത്രൊസ് 2:5, 9). ആളുകൾ തമ്മിലുള്ള വേർതിരിവും അതോടെ നീങ്ങി എന്നു പറയാം (എഫെസ്യർ 2:14 –16). "തിരശീല" വീണ്ടും പഴയ സ്ഥാനത്ത് വെക്കാതിരിക്കുവാൻ നമുക്ക് ശ്രമിക്കാം![23]

## മരിച്ചവർ ഉയിർത്തെഴുന്നേറ്റു: ദൈവിക വാഗ്ദാനം (മത്താ. 27:51-53)

### എന്തു സംഭവിച്ചു

ഇപ്പോൾ നാം എത്തിയിരിക്കുന്നത് ബൈബിളിലെ ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്നിലാണ്, എന്നാൽ ഒരാൾ വാക്ധോരണിയാൽ അതിനെ വിവരിച്ചിട്ടുണ്ട്. മത്തായി 27 പറയുന്നു ഭൂമികുലുക്കത്താൽ "പാറകൾ പിളർന്നപ്പോൾ" "കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു വിശുദ്ധനഗരത്തിൽ ചെന്ന് പലർക്കും പ്രത്യക്ഷരായി'' (വാക്യങ്ങൾ 51–53). ഇതിനെ നമുക്ക് രണ്ട് അത്ഭുതങ്ങളായി എടുക്കാം: (1) കല്ലറകൾ തുറന്നതും (2) മരിച്ചവർ ഉയിർത്തെഴുന്നേറ്റതും. വെള്ളിയാഴ്ച്ച വൈകിട്ടായിരിക്കാം കല്ലറകൾ തുറന്നത് (ഭൂമി കുലുങ്ങിയപ്പോൾ), എന്നാൽ ഞായറാഴ്ച്ച പ്രഭാതത്തിലാണ് മരിച്ചവർ ഉയിർത്തെഴുന്നേറ്റത് (ഒരുപക്ഷെ യേശു ഉയിർത്തെഴുന്നേറ്റ അതേ സമയത്തായിരിക്കാം). എങ്ങനെയായാലും, മത്തായി രണ്ടു സംഭവങ്ങളായിട്ടാണ് പറഞ്ഞിരിക്കുന്നത്, നമുക്കും അങ്ങനെ തന്നെ എടുക്കാം.

സംഭവത്തെ നമുക്ക് ഒന്നടുത്തു നോക്കാം. ഭൂമികുലുക്കം പാറയെ പിളർത്തിയപ്പോൾ, ഗൊൽഗോഥയിൽനിന്ന് കാണാവുന്ന പാറകൊണ്ടുള്ള ചില കല്ലറകൾ തുറന്നു.[24] തെരഞ്ഞെടുത്ത കല്ലറകളേ തുറന്നുള്ളു; ആ കല്ലറകളിലുണ്ടായിരുന്നവരാണ് പിന്നീട് ഉയിർത്തെഴുന്നേറ്റത് എന്നാണ് സൂചന - "വിശുദ്ധന്മാർ" മാത്രമെ ഉയിർത്തെഴുന്നേറ്റുള്ളു. "വിശുദ്ധന്മാർ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പഴയനിയമ വിശുദ്ധന്മാരായിരിക്കും (സങ്കീർത്തനങ്ങൾ 34:9 നോക്കുക)[25] - ന്യായപ്രമാണത്തിൻ കീഴിൽ, ദൈവത്തോട് വിശ്വസ്തത പുലർത്തി ജീവിച്ച് മരിച്ചവർ.

ഭൂമി കുലുങ്ങിയപ്പോൾ കല്ലറകൾ തുറക്കുകയും വിശുദ്ധന്മാരുടെ ശരീരങ്ങൾ കാണാവുന്ന തരത്തിലാകയും ചെയ്തു. എങ്ങനെയായാലും, അടക്കം ചെയ്ത മൃതദേഹം ആർക്കും സ്പർശിക്കുവാൻ പാടില്ലായിരുന്നു. അങ്ങനെ തൊടുന്നവരെ അശുദ്ധരായി പ്രഖ്യാപിക്കും (സംഖ്യാപുസ്തകം 19:11). അങ്ങനെ അശുദ്ധരായി തീരുന്നവർക്ക് പ്രത്യേക ശബ്ബത്ത് അപ്പം ഭക്ഷിക്കുവാൻ അനുവാദമില്ലായിരുന്നു. കൂടാതെ, ശബ്ബത്ത് നാളിൽ ആളുകൾ ജോലി ഒന്നും ചെയ്യുവാൻ പാടില്ലായിരുന്നു (പുറപ്പാട് 20:8–11). അതുകൊണ്ട് വെള്ളിയാഴ്ച്ചക്ക് ശേഷം, ശനിയാഴ്ച്ചയും, ഒരുപക്ഷെ ഞായറാഴ്ച്ചയുടെ പ്രാരംഭ സമയത്തും, എല്ലാവർക്കും കാണത്തക്കവണ്ണം മൃതശരീരങ്ങൾ അങ്ങനെ

തന്നെ കിടന്നിരിക്കാം.

പിന്നെ, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേലിപിനുശേഷം - ഒരുപക്ഷെ ഉടനെതന്നെയായിരിക്കാം - ദൈവം ആ വിശുദ്ധന്മാരെ ഉയർപ്പിച്ചു. അവർ കല്ലറയിൽനിന്നു പുറത്ത് വന്നു "വിശുദ്ധനഗരത്തിൽ [യെരുശലേം] പ്രവേശിച്ചു പലർക്കും പ്രത്യക്ഷപ്പെട്ടു" (മത്തായി 27:53). ആ സംഭവത്തെ കുറിച്ച് അധികമൊന്നും നമുക്ക് അറിയില്ല. അവരെ യെരുശലേം നിവാസികൾക്ക് പരിചയമുണ്ടായിരുന്നു[26] എന്ന സൂചനയുണ്ടെങ്കിലും, ആരൊക്കെയാണ് ഉയർത്തെഴുന്നേറ്റതെന്ന് നമുക്ക് അറിയില്ല. യെരുശലേമിൽ അപ്പോഴും ജീവിച്ചിരിക്കുന്നവർക്ക് ആ സംഭവത്തിന്റെ സത്യാവസ്ഥ സാക്ഷീകരിക്കുവാൻ കഴിയുമെന്ന വിവരണം മത്തായി നല്കുന്നുണ്ടെങ്കിലും, അവർ ആർക്ക് പ്രത്യക്ഷരായി എന്ന് നമുക്ക് അറിയില്ല. അവരുടെ ഉയർത്തെഴുന്നേല്പിന്റെ യഥാർത്ഥസ്വഭാവവും നമുക്ക് തീർച്ചയില്ല. പഴയനിയമത്തിലും, യേശുവിന്റെ ശുശ്രൂഷാസമയത്തും നടന്നതുപോലെ, ഭൗതികമായി അവർക്ക് പിന്നെയും മരിക്കേണ്ടി വന്നു.[27]

എല്ലാ കാര്യവും നമുക്ക് അറിയില്ലെങ്കിലും, ആ നിമിഷത്തിലെ സാഹചര്യം എങ്ങനെയായിരുന്നു എന്നു നമുക്ക് ചിന്തിക്കാം. ഈ സംഭവം കൂട്ടാതെ, പഴയനിയമത്തിലും പുതിയനിയമത്തിലും നടന്ന ഉയർത്തെഴുന്നേല്പ് എണ്ണുക[28] - എന്നാൽ ഇവിടെ, ഒരുസമയത്ത്, "പല ... വിശുദ്ധന്മാർ ... ഉയർത്തെഴുന്നേറ്റു"! അതിശയകരം!

### അത് എന്താണ് അർത്ഥമാക്കിയത്

ആ സംഭവത്തെ കുറിച്ച്, എല്ലാം ഈ ജീവിതത്തിൽ നമുക്ക് അറിയാൻ സാധ്യമല്ല. എന്നിരുന്നാലും, "അവന്റെ [യേശു] ഉയർത്തെഴുന്നേറ്റ ശേഷം" അവർ ഉയർത്തെഴുന്നേറ്റു എന്ന വസ്തുത സൂചിപ്പിക്കുന്നത് അവന്റെ ഉയർത്തെഴുന്നേല്പും അവരുടേതും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. അവന്റെ ഉയർത്തെഴുന്നേല്പാണ് അവരുടെ ഉയർപ്പ് സാധ്യമാക്കിയത് എന്ന് തീർച്ച - അതുപോലെ അവന്റെ ഉയർത്തെഴുന്നേല്പാണ് നമ്മുടെ ഉയർപ്പും സാധ്യമാക്കിയത്. പൗലൊസ് എഴുതി, "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി [മരിച്ചവരുടെ] ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റിരിക്കുന്നു"[29] (1 കൊരിന്ത്യർ 15:20). അതുകൊണ്ട്, ആ അത്ഭുതം ഒരു *ദൈവിക വാഗ്ദാനത്തെ* പ്രഖ്യാപിക്കുന്നു: നാം ദൈവത്തിന്റെ "വിശുദ്ധന്മാർ" ആണെങ്കിൽ (അതായത്, വിശ്വസ്തരായ ക്രിസ്ത്യാനികൾ), പിന്നെ, നാമും കൂടെ, "അവസാന നാളിൽ" ദൈവശക്തിയാൽ മഹത്വത്തിനായി ഉയർത്തെഴുന്നേല്ക്കും (യോഹന്നാൻ 6:40)! പൗലൊസ് എഴുതി,

> ... നാമെല്ലാവരും നിദ്രകൊള്ളുകയില്ല, എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ, പെട്ടെന്ന് കണ്ണിമക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും; ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു. ..." ... എന്ന് എഴുതിയ വചനം നിവൃത്തിയാകും; ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം.

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം, നമുക്ക് ജയം നൽകുന്ന ദൈവത്തിന്നു സ്തോത്രം (1 കൊരിന്ത്യർ 15:51-57).

എന്തൊരു വാഗ്ദാനം!

**ഉപസംഹാരം**

നിങ്ങൾ ക്രൂശിനെ നോക്കുമ്പോൾ നിങ്ങളുടെ ഹൃദയം സ്പർശിക്കപ്പെടാതിരിക്കുമോ? ആകാശം സ്പർശിക്കപ്പെടാതിരുന്നില്ല. അത് ഇരുണ്ടുപോയി. പാറകൾ സ്പർശിക്കപ്പെടാതിരുന്നില്ല; അവ പിളർന്നുപോയി. തിരശീല സ്പർശിക്കപ്പെടാതിരുന്നില്ല; അതു മേൽതൊട്ട് അടിവരെ രണ്ടായി കീറി. പഴയനിയമ വിശുദ്ധന്മാരെ അടക്കിയിരുന്ന ശവക്കുഴികൾ സ്പർശിക്കപ്പെടാതിരുന്നില്ല; അവ തുറക്കപ്പെട്ടു. വിശുദ്ധന്മാരും സ്പർശിക്കപ്പെടാതിരുന്നില്ല; അവർ ഉയർത്തെഴുന്നേറ്റു. ക്രൂശിനരികിൽ നിന്ന കഠിനഹൃദയരായ ചിലർ സ്പർശിക്കപ്പെട്ടു. സംഭവിച്ചതു കണ്ട ചിലർ അത്യുച്ചത്തിൽ പറഞ്ഞു, "അവൻ ദൈവപുത്രൻ ആയിരുന്നു സത്യം" (മത്തായി 27:54; മർക്കൊസ് 15:39; ലൂക്കൊസ് 23:47, 48). നിങ്ങളോ? ഈ പ്രസംഗത്താൽ നിങ്ങളുടെ ഹൃദയം സ്പർശിക്കപ്പെട്ടു എങ്കിൽ, ഇന്നു തന്നെ പ്രതികരിക്കുക.[30]

---

കുറിപ്പുകൾ

[1]വില്യം ആർ. നിക്കോൾസണിൽനിന്നു ലഭിച്ചതാണ് ഈ പ്രസംഗത്തിനുള്ള ആശയം. *ദ സിക്സ് മിറക്കിൾസ് ഓഫ് കാൽവരി* (ഷിക്കാഗോ: മൺഡേ പ്രസ്, 1928). നിക്കോൾസിന്റെ "സ്ക്സ് മിറക്കിൾ" എന്നതിൽ കല്ലറയിലെ തുണി ചുരുട്ടിവെച്ചിരിക്കുന്നതും മരിച്ചവർ കല്ലറയിൽ ജീവനോടെ പുറത്തു വന്നതും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പ്രസംഗത്തിൽ നാല് അത്ഭുതങ്ങളാണ് പറഞ്ഞിരിക്കുന്നത്. ശൂന്യമായ കല്ലറയിലെ തുണിയും, ശവക്കുഴി തുറന്നതും മരിച്ചവർ ഉയർക്കുന്നതും ഉൾപ്പെടുത്തിയിട്ടില്ല. [2]നേപ്പാളിന്റേയും തിബത്തിന്റേയും അതിർത്തിയിലുള്ള ഹിമാലയത്തിലാണ് എവറസ്റ്റ് സ്ഥിതി ചെയ്യുന്നത്. അതിന് രണ്ട് സമ്മിറ്റുകളാണുള്ളത്, അതിന്റെ ടെയിലർ (വിളിക്കുന്നത് നോർത്ത് സമ്മിറ്റ് എന്നാണ്) അതിന് 29,035 അടി (8,853.5 മീറ്റർ). [3]നിക്കോൾസൺ, 17. [4]"പോർട്ടെന്റ്" എന്നത് ഗൗരവമായ (അല്ലെങ്കിൽ അപകടകരമായ) എന്തെങ്കിലും സംഭവിക്കുന്നതിനെ സൂചിപ്പിക്കുന്നതാണ്. [5]"ഫിലേഗോൻ എന്ന റോമൻ ചരിത്രകാരൻ രേഖപ്പെടുത്തിയതായി ഒറിജെനും യൂസേബിയസും ... ഇരുട്ടിനെ കുറിച്ച് പറഞ്ഞിരിക്കുന്നു" (ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971 ], 1282). തെർത്തുല്യൻ എന്ന പ്രാരംഭ ക്രിസ്തീയ അപ്പോളജിസ്റ്റ് ഈ സംഭവം റോമൻ ആർചീവ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതായി പറയുന്നുണ്ട് (തർത്തുല്യൻ *ഓപോളജി* 21.20). [6]"ക്രൂശിലെ ആറു മണിക്കൂർ" എന്ന പാഠത്തിലെ വാദഗതികൾക്ക് പുറമെ, ഇതും പരിഗണിക്കുക: സൂര്യഗ്രഹണം ഏതാനും മിനിറ്റുകൾ മാത്രം നീണ്ടുനില്ക്കും, പക്ഷെ ഈ ഇരുട്ട് മൂന്നു മണിക്കൂർ നീണ്ടുനിന്നു. [7]"ക്രൂശിലെ ആറു മണിക്കൂർ" എന്ന പാഠത്തിലെ "ടൈമിങ്ങ്സ്" നിങ്ങൾക്ക് വേണമെങ്കിൽ ആവർത്തിക്കാം. [8]വേദഭാഗത്തിൽ പറയുന്ന മൂന്നു മണിക്കൂർ നിശബ്ദത സൂചിപ്പിക്കുന്നത് കോലാഹലത്തിലായിരുന്ന ജനക്കൂട്ടം ശാന്തമായി എന്നാണ്. മൂന്നു മണിക്കൂറിനു മുൻപ് അവർ ശകാരവർഷം തൊടുത്തുവിട്ടിരുന്നു; മൂന്നു മണിക്കൂറിനു ശേഷം,

ജനക്കൂട്ടത്തിലുള്ളവർ മാറത്തടിച്ചു നിലവിളിക്കുവാൻ തുടങ്ങി (ലൂക്കൊസ് 23:48). [9]ഈ പുസ്തകത്തിൽ ഉള്ള "യേശുവിന് എന്തുകൊണ്ട് ക്രൂശിൽ മരിക്കേണ്ടി വന്നു" എന്ന പാഠം നോക്കുക. [10]"ടെറാ - ഫെർമാ" ഒരു ലാറ്റിൻ വാക്കാണ്, അർത്ഥം "ഉറച്ച മണ്ണ്" അല്ലെങ്കിൽ "കട്ടിയായ മണ്ണ്."

[11]റിച്ചർ സ്കെയിലാണ് ഭൂകമ്പത്തിന്റെ തീവ്രത (ശക്തി) അളക്കുന്നത്. ഇത്തരം സംഭ വങ്ങൾ അളക്കുന്നതിൽ പ്രാഗത്ഭ്യമുള്ള ചാൾസ് റിച്ചറുടെ പേരാണ് ഇട്ടിരിക്കുന്നത്. [12]ഒരു ഭൂമി കുലുക്കമുണ്ടായാൽ സാധാരണ ഇതൊക്കെയാണ് സംഭവിക്കുന്നത്. ഈ രീതിയിൽ കാര്യങ്ങളെല്ലാം സംഭിക്കുമാറാക്കിയത് ദൈവമാകാം, അതിലുണ്ടായ സമയക്രമം, അതി നേക്കാൾ വിലയുള്ളതായി സൂചിപ്പിക്കുന്നു. അങ്ങനെ *സംഭവിക്കുമാറാക്കിയത്* ദൈവ മാണ്. [13]"ക്രൂശിലെ ആറു മണിക്കൂർ" എന്ന പാഠത്തിലെ "നിവർത്തിയായി" എന്ന വാക്കിന്റെ കുറിപ്പുകൾ നോക്കുക. [14]തിരശീല കീറിയത് സംബന്ധിച്ച്, നമുക്ക് ലൂക്കൊ സിന്റെ വിവരണം മാത്രമാണുള്ളതെങ്കിൽ(ലൂക്കൊസ് 23:44, 45), ഇരുട്ടുണ്ടായ മൂന്നു മണിക്കൂറിനിടയിൽ സംഭവിച്ചിരിക്കാമെന്ന് കരുതും.എന്നാൽ ലൂക്കൊസിന്റെ വിവര ണത്തെ മത്തായിയുടേയും മർക്കൊസിന്റേയും വിവരണങ്ങളുമായി താരതമ്യം ചെയ്താൽ തിരശീല കീറിയത് "ഒമ്പതാം മണി"യുടെ അവസാനമാണെന്നു തെളിയും [15]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന ദൈവാലയ ഡയഗ്രം നോക്കുക[6]1 രാജാക്കന്മാർ 6:20 നോക്കുക. ഒരു മുഴം എന്നതു ഒരു കയ്യുടെ മുട്ട് മുതൽ നടുവിരലിന്റെ അറ്റം വരെ യാണ്, ഏതാണ്ട് ഒന്നര അടി നീളം (43 മുതൽ 56 സെന്റിമീറ്റർ വരെ) 30 ക്ക് 30 ഉള്ള എന്തെങ്കിലും അളവെടുത്ത് 30 അടി നീളം 30 അടി വീതി എടുത്താലും നിങ്ങളുടെ ശ്രോതാക്കൾക്ക് കാണിച്ചുകൊടുക്കാം. [17]ബാബേൽ യെരുശലേമിനെ നശിപ്പിച്ചപ്പോൾ, ശലോമോന്റെ മണ്ഡപവും അവർ നശിപ്പിച്ചിരുന്നു. പിന്നീട് അത് സെരൂബാബേലും, പിന്നീട് മഹാനായ ഹെരോദാവും പുതുക്കി പണിയുകയുണ്ടായി. [18]സമാഗമനകൂടാര ത്തിൽ വിശുദ്ധസ്ഥലത്ത് ഏഴ്-ശാഖകളുള്ള ഒരു വിളക്ക് ഉണ്ടായിരുന്നു (പുറപ്പാട് 25:31-35), എന്നാൽ ശലോമോന്റെ മണ്ഡപത്തിൽ പത്തു വിളക്കുകളുണ്ടായി രുന്നു (1 രാജാക്കന്മാർ 7:49). [19]നിക്കോൾസൺ, 41. [20]ഗൊൽഗോഥയുമായി ബന്ധപ്പെട്ട് ഭൂമികുലുക്കം നടക്കാതിരുന്നതുകൊണ്ടും (അതു കല്ലറയുടെ അടുത്താണ് വ്യാപിച്ചത്; മത്തായി 27:51, 52) ഭൂമികുലുക്കവും തിരശീലകീറലും വേദപുസ്തകത്തിൽ യോജിപ്പിച്ച് പറഞ്ഞിരിക്കുന്നതുകൊണ്ടും (മത്തായി 27:51), ദൈവാലയപരിസരത്തും അതു ബാധി ച്ചിരിക്കാമെന്ന് കരുതുന്നുണ്ട്.

[21]അമ്പരപ്പിക്കുന്നവിധത്തിൽ ദൈവാലയതിരശീല കീറിയതുകൊണ്ട് മിക്കവാറും എല്ലാ പുരോഹിതന്മാരും അത് അറിഞ്ഞിരിക്കും. അതുകൊണ്ടായിരിക്കുമോ പുരോഹി തന്മാരിൽ പലരും ക്രിസ്ത്യാനികളായതെന്ന് ചിലർ സംശയിക്കുന്നു (പ്രവൃത്തികൾ 6:7). [22]പൂർത്തിയാക്കിയ ഒരു കരാർ കീറി കളയുന്നതും തിരശീല കീറിയതുമായി താരതമ്യം ചെയ്യുക (ഉദാഹരണത്തിന് വീടിന് വേണ്ടി കടം എടുക്കുന്ന കരാർ പേപ്പർ കാലാവധി തീരുമ്പോൾ കീറി കളയുന്നത്). ഒരു കരാർ പേപ്പർ അവസാനം കീറി കളയുമ്പോൾ എന്തു തൃപ്തിയാണ് ലഭിക്കുന്നത്! പഴയനിയമം ദൈവം "കീറി-കളയുന്ന ആഘോഷം" ആയി രുന്നു തിരശീല കീറൽ എന്നു ഞാൻ പറയാറുണ്ട്. [23]ഈ ചിന്ത നിങ്ങളുടെ ശ്രോതാ ക്കൾക്ക് യോജിച്ച വിധത്തിൽ വിപുലീകരിക്കുക. പഴയനിയമത്തിലുള്ള തങ്ങളുടെ അധി കാരത്തെ എടുത്തുകാണിക്കുവാൻ ചിലർ "തിരശീല പൊക്കും." മറ്റുള്ളവർ വചനവിരു ദ്ധമായ പൗരോഹിത്യത്തെ സാധൂകരിക്കുവാൻ ശ്രമിക്കും. വ്യത്യസ്തരായ ആളുകളെ തമ്മിൽ വേർപിരിക്കുവാൻ ശ്രമം നടത്തും. [24]പൊതുവിൽ ആ പ്രദേശത്ത് ധാരാളം ശവ ക്കുഴികൾ ഭൂഗർഭഗവേഷകർ സ്ഥിരീകരിച്ചിട്ടുണ്ട്. [25]"വിശുദ്ധൻ" എന്ന വാക്കിന്റെ അർത്ഥം "വേർപെട്ടവൻ" എന്നാണ്. നാം ദൈവമക്കളായി തീരുമ്പോൾ, ദൈവവേലക്കായി നാം

വേർപെടുകയാണ്. [26]അവർ ആരായിരുന്നു എന്ന് അവിടെയുള്ളവർ തിരിച്ചറിഞ്ഞില്ലെങ്കിൽ അവർ പരദേശികളായി കരുതേണ്ടി വരും. [27]ക്രിസ്തു ഉയിർത്തെഴുന്നേറ്റത് പിന്നീട് മരിക്കുവാനായിരുന്നില്ല, എന്നാൽ അവരുടെ ഉയർത്തെഴുന്നേല്പ് പിന്നീട് മരിക്കുന്നതിനായിരുന്നു. [28]പഴയനിയമത്തിൽ മൂന്നുപേർ ഉയർത്തെഴുന്നേറ്റതായിട്ടേ എനിക്ക് ചിന്തിക്കുവാൻ കഴിയുന്നുള്ളു (1 രാജാക്കന്മാർ 17; 2 രാജാക്കന്മാർ 4; 13), ക്രിസ്തുവിന്റെ ശുശ്രൂഷാകാലയളവിലും മുന്നു പേർ ഉയിർത്തെഴുന്നേറ്റു (മത്തായി 9; ലൂക്കൊസ് 7; യോഹന്നാൻ 11), പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടുപേർ അപ്പൊസ്തലന്മാരുടെ കാലത്തും ഉയർത്തെഴുന്നേറ്റു (പ്രവൃത്തികൾ 9; 20). [29]ആദ്യവിളവെടുപ്പിൽ കിട്ടുന്ന ഫലം കർത്താവിന് സമർപ്പിക്കുന്നതിനെയാണ് "ആദ്യഫലം" എന്നു പറയുന്നത് (പുറപ്പാട് 23:19). ആദ്യഫലം, ഒരർത്ഥത്തിൽ ശേഷിച്ച വിളവെടുപ്പിന്റെ ഉറപ്പാണ്. [30]നിങ്ങളുടെ ശ്രോതാക്കളോട് എങ്ങനെ ഒരാൾ ക്രിസ്ത്യാനിയായിതീരും എന്നും (മർക്കൊസ് 16:15, 16), തെറ്റിപ്പോയ ക്രിസ്ത്യാനിക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയാം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).